നമ്പർ.ഇ3/Hostel Admission/2021 സർക്കാർ എഞ്ചിനിയറിംഗ് കോളേജ് (ഹോസ്റ്റൽ)

തൃശ്ശൂർ , തീയതി : 06/07/2021

## നോട്ടീസ്

വിഷയം:സർക്കാർ എഞ്ചിനിയറിംഗ് കോളേജ് ഹോസ്റ്റൽ , തൃശ്ശൂർ – കോവിഡ് പടരുന്ന സാഹചര്യത്തിൽ ഹോസ്റ്റൽ ഒഴിയുന്നത് – സംബന്ധിച്ച്

സൂചന : ഈ സ്ഥാപനത്തിലെ 19/04/2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

............................

കോവിഡിന്റെ അതിവ്യാപനത്തെ തുടർന്ന് വന്ന ലോക്ക് ഡൗണിനോടനുബന്ധിച്ച് കോളേജ് ഹോസ്റ്റൽ ഏപ്രിൽ 20 ന് ഔദ്യോഗികമായി അടച്ചിരുന്നു . അന്യ സംസ്ഥാന വിദ്യാർത്ഥികളായ 13 പേർക്ക് നാട്ടിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ ഹോസ്റ്റലിൽ താമസിക്കുവാൻ അനുവാദം നൽകിയിരുന്നു . അതിൽ ഇപ്പോൾ 4 വിദ്യാർത്ഥികൾ ഇവിടെ താമസിക്കുന്നുണ്ട് .

എന്നാൽ ഓൺലൈൻ ക്ലാസുകൾ ഉണ്ടെന്ന് പറഞ്ഞുകൊണ്ട് ഏകദേശം 40 ഓളം കുട്ടികൾ (മെൻസ്) ഇവിടെ ഹോസ്റ്റലിൽ അനുവാദം ഇല്ലാതെ താമസിച്ചു വരുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു . ഇക്കാര്യം വളരെ ഗൗരവമായി 06/07/2021 തീയതിയിൽ പ്രിൻസിപ്പാളിന്റെ അധ്യക്ഷതയിൽ ചേർന്ന വകുപ്പ് മേധാവികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയും , കോവിഡ്-19 പാശ്ചാത്തലത്തിൽ അത്തരത്തിൽ താമസിക്കുന്ന വിദ്യാർത്ഥികൾ 07/07/2021 തിയതിയിൽ 5 മണിക്കുള്ളിൽ ഹോസ്റ്റൽ വിട്ട് പോകുന്നതിനുവേണ്ടി തീരുമാനം എടുത്തിരിക്കുന്നു .

അതിനാൽ അനുവാദം ഇല്ലാതെ ഹോസ്റ്റലിൽ താമസിക്കുന്ന എല്ലാ വിദ്യാർത്ഥികളും നാളെ വൈകുന്നേരം 5 മണിക്കുള്ളിൽ ഹോസ്റ്റൽ വിട്ട് പോകേണ്ടതാണെന്നും , ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത വിവരം ജില്ലാ ഭരണകൂടത്തെയും , പോലീസ് അധികാരികളേയും അറിയിച്ച് നടപടികൾ കൈകൊള്ളുന്നതായിരിക്കും എന്ന് എല്ലാ വിദ്യാർത്ഥികളേയും അറിയിക്കുന്നു .

06/07/21

വാർഡൻ

WARDEN
GOVT. ENGINEERING COLLEGE HOSTEL
THRISSUR

പകർപ്പ് : 1)പ്രിൻസിപ്പാൾ , സർക്കാർ എഞ്ചിനിയറിംഗ് കോളേജ് , തൃശ്ശൂർ
2)നോട്ടീസ് ബോർഡ് (എല്ലാ ബ്ലോക്കുകളിലും)
3)സർജന്റ്/മേട്രൻ
4)ഓഫീസ് കോപ്പി
5) CCF for website

GOVT. ENGINEERING COLLEGE HOSTEL, THRISSUR